ശ്രീ. കെ. കരുണാകരൻ : ഈ സംസ്ഥാനത്തുവച്ച് പ്രസംഗിച്ചതായി ഒരു റിപ്പോർട്ടുമില്ല. പ്രതിപക്ഷം ഉന്നയിച്ചിട്ടുമില്ല. നേരെ മറിച്ച് കുവൈത്തിൽ ചെന്നതിനുശേഷം പ്രസംഗിച്ച കാര്യങ്ങളും ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറെവും ആക്ഷേപകരം ആണ്, അപമാനകരമാണ്. പക്ഷേ ഈ രാജ്യത്തിന്റെ വ്യക്തിത്വത്തേയും അന്തസ്സിനേയും, നടപടിക്രമങ്ങളേയും മറെറാരു രാജ്യത്തുവച്ച് ആരെങ്കിലും ചോദ്യം ചെയ്താൽ അതിനെ നേരിടാനുള്ള സംവിധാനമുണ്ട്. അത് നോക്കാൻ കഴിവുള്ള ഒരു ഇൻഡ്യാ ഗവൺമെൻറ് ആണ് ഇന്നുള്ളത്. ഇൻഡ്യാ ഗവൺമെൻറിന്റെ അധികാരപരിധിയിൽപ്പെട്ടതാണെങ്കിൽ തീർച്ചയായും അവർ അത് നോക്കുകയും ചെയ്യും ഈ സംസ്ഥാനത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത ഒരു കാര്യത്തിന് സംസ്ഥാന ഗവൺമെൻറിന് നടപടി സ്വീകരിക്കാൻ കഴിയുകയില്ല. ഇൻഡ്യാഗവൺമെൻറ് ആ കാര്യത്തിൽ നടപടി സ്വീകരിക്കും.....(ബഹളം)....

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് ഗവൺമെൻറിന് പറയാനുള്ളത് ഗവൺമെൻറ് പറഞ്ഞു കഴിഞ്ഞു. മറെറ് വിഷയങ്ങളെക്കുറിച്ച്..... (ബഹളം).....

(ഈ സമയം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവരുടെ സീററിൽ നിന്ന് എഴുന്നേറെറ് സ്പീക്കറുടെ ഡയസിനു മുന്നിൽ സഭാതലത്തിൽ വന്ന് ഇരിക്കുകയും മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലെന്നും നിയമസഭാ കമ്മിറിയെ കൊണ്ട് ഈ കാര്യങ്ങൾ അന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെടുന്ന മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്തുകൊണ്ടിരുന്നു.)

VI മേശപ്പുറത്തുവച്ച കടലാസ്

റീഹാബിലിറേറഷൻ പ്ലാന്റേഷൻസ് ക്ലിപ്തത്തിന്റെ 1984-85-ലേക്കുള്ള ഒൻപതാമതു വാർഷിക റിപ്പോർട്ടും കണക്കും റിവ്യൂ സഹിതം

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, റീഹാബിലിറേറഷൻ പ്ലാന്റേഷൻസ് ക്ലിപ്തത്തിന്റെ 1984-85 ലേയ്ക്കുള്ള ഒൻപതാമതു വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII റിപ്പോർട്ട് സമർപ്പണം

(1) സബോർഡിനേറെറ് ലജിസ്ലേഷൻ കമ്മിറിയുടെ പതിനാറാമതു റിപ്പോർട്ട്

ശ്രീ. എം. വി. മാണി : സർ, സബോർഡിനേറെറ് ലെജിസ്ലേഷൻ കമ്മിറിയുടെ 16-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly